കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 -ലെ കമ്പനീസ് ആക്റ്റ് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ poksebⓐgmail.com

No. PS1(B)/Trade Unions/2021

തീയതി:15/11/2021

# പരിപത്രം

വിഷയം : കെ.എസ്.ഇ.ബി ലിമിറ്റഡിലെ തൊഴിലാളി / ഓഫീസർ സംഘടനകളുമായി ചർച്ചകൾ നടത്തുന്നതിന് ഓഫീസ് മേധാവികൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 1. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ഓഫീസ് കുറിപ്പ് നമ്പർ CMD/106/Trade Union Meeting/2021 തീയതി. 28.10.2021
2. LA & DEO യുടെ കുറിപ്പ് നമ്പർ LA & DEO/R/141/2021 തീയതി. 08.11.2021.

കെ.എസ്.ഇ.ബി ലിമിറ്റഡിലെ തൊഴിലാളി സംഘടനകളുടെ അംഗീകാരം തീരുമാനിക്കുന്നതിന് വേണ്ടി നവംബർ 2015 ൽ നടന്ന റഫറണ്ടത്തിൽ താഴെപ്പറയുന്ന സംഘടനകൾ അംഗീകാരം നേടിയിരുന്നു.

1. കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ (CITU)
2. യുണൈറ്റഡ് ഡെമോക്രാറ്റിക് ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫ്രണ്ട് (UDEEF)
3. കേരള ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷൻ (AITUC)

മേൽ പരാമർശിച്ച അംഗീകൃത തൊഴിലാളി സംഘടനകളെ കൂടാതെ താഴെപറയുന്ന, അംഗീകാരം നേടിയിട്ടില്ലാത്ത, രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളും കെ.എസ്.ഇ.ബി ലിമിറ്റഡിൽ പ്രവർത്തിച്ചു വരുന്നു.

1. കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC)
2. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഗ്രസ്
3. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് കോൺഗ്രസ്
4. കേരള പവർ വർക്കേഴ്സ് കോൺഗ്രസ് (INTUC)
5. കേരള ഇലക്ട്രിസിറ്റി എക്സിക്യൂട്ടീവ് സ്റ്റാഫ് ഓർഗനൈസേഷൻ (KEESO)
6. കെ.എസ്.ഇ.ബി എംപ്ലോയീസ് ഓർഗനൈസേഷൻ (STU)
7. കേരള വൈദ്യുതി മസ്ദൂർ സംഘ് (BMS)
8. കെ.എസ്.ഇ.ബി.എൽ എംപ്ലോയീസ് ട്രേഡ് യൂണിയൻ കോൺഗ്രസ്.
9. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി വർക്കേഴ്സ് യൂണിയൻ
10. കേരള ഇലക്ട്രിസിറ്റി ബോർഡ് എക്സിക്യൂട്ടീവ് എംപ്ലോയീസ് യൂണിയൻ
11. കേരള ഇലക്ട്രിസിറ്റി ബോർഡ് എംപ്ലോയീസ് സെന്റർ
12. കേരള സ്റ്റേറ്റ് വൈദ്യുതി ബോർഡ് ഡ്രൈവേഴ്സ് യൂണിയൻ
13. കേരള ഇലക്ട്രിസിറ്റി ബോർഡ് എക്സിക്യൂട്ടീവ് ഐക്യവേദി
14. ഇലക്ട്രിസിറ്റി എംപ്ലോയീസ് ജനാധിപത്യ അസോസിയേഷൻ
15. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി എംപ്ലോയീസ് അസോസിയേഷൻ
16. കേരള പവർ വർക്കേഴ്സ് യൂണിറ്റി സെന്റർ

മേൽപ്പറഞ്ഞ അംഗീകൃത /രജിസ്റ്റേർഡ് തൊഴിലാളി സംഘടനകൾക്ക് പുറമേ, തൊഴിലാളി സംഘടനാ അവകാശങ്ങൾക്ക് അർഹതയില്ലാത്ത, താഴെപ്പറയുന്ന ഓഫീസർ സംഘടനകളും കെ.എസ്.ഇ.ബി ലിമിറ്റഡിൽ പ്രവർത്തിച്ചു വരുന്നു.

1. കെ.എസ്.ഇ.ബി ഓഫീസേഴ്സ് അസോസിയേഷൻ
2. കെ.എസ്.ഇ.ബി എഞ്ചിനിയേഴ്സ് അസോസിയേഷൻ

3. കേരള പവർ ബോർഡ് ഓഫീസേഴ്സ് ഫെഡറേഷൻ
4. കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് ഫെഡറേഷൻ
5. കെ.എസ്.ഇ. ബോർഡ് ഓഫീസേഴ്സ് കോൺഗ്രസ്
6. കെ.എസ്.ഇ.ബി സിവിൽ ബ്രാഞ്ച് എഞ്ചിനിയേഴ്സ് അസോസിയേഷൻ
7. കെ.എസ്.ഇ.ബി പോസ്റ്റ് ഗ്രാജുവേറ്റ് എഞ്ചിനിയേഴ്സ് അസോസിയേഷൻ
8. കെ.എസ്.ഇ.ബി മിനിസ്റ്റീരിയൽ ഓഫീസേഴ്സ് അസോസിയേഷൻ
9. കെ.എസ്.ഇ.ബി ഓഫീസേഴ്സ് സംഘ്
10. കേരള പവർ ബോർഡ് എഞ്ചിനിയേഴ്സ് അസോസിയേഷൻ
11. കേരള ഇലക്ട്രിസിറ്റി ഓഫീസേഴ്സ് കോൺഫെഡറേഷൻ

അംഗീകൃത/രജിസ്റ്റേർഡ് തൊഴിലാളി സംഘടനകളും, ഓഫീസർ സംഘടനകളും കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ സബ് ഡിവിഷൻ, ഡിവിഷൻ, സർക്കിൾ, കോർപ്പറേറ്റ് ഓഫീസ് മേധാവികളുമായി, സംഘടനാംഗങ്ങളുടെ സേവന സംബന്ധമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് അവസരം തേടാറുണ്ട്. തദവസരത്തിൽ ഓഫീസ് മേധാവികൾ പാലിക്കേണ്ടതായ നടപടിക്രമങ്ങൾ താഴെപ്പറയും പ്രകാരം നിർദ്ദേശിക്കുന്നു.

1. അംഗീകൃത തൊഴിലാളി സംഘടനകളുടേയും മറ്റു സംഘടനകളുടേയും സംസ്ഥാനതല / പ്രാദേശിക ഭാരവാഹികൾ അഭ്യർത്ഥിക്കുന്ന മുറയ്ക്ക് ചർച്ച ചെയ്യേണ്ട വിഷയം രേഖാമൂലം വാങ്ങിയശേഷം കഴിയുന്നതും 3 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട സംഘടനാ ഭാരവാഹികളുമായി ചർച്ച ചെയ്യേണ്ടതാണ്. ചർച്ച ചെയ്യേണ്ട വിഷയം ബോർഡിന്റെ പരിഗണനയിലുള്ള പക്ഷം മേൽ നടപടികൾക്ക് ബന്ധപ്പെട്ട ചീഫ് എഞ്ചിനിയർക്ക് കൈമാറേണ്ടതും. അവിടെ നിന്നും ലഭിക്കുന്ന ഉപദേശ/ നിർദ്ദേശാനുസരണം ചർച്ച തുടരേണ്ടതുമാണ്.
2. ഒന്നിലധികം തൊഴിലാളി സംഘടനകളോ ഒന്നിലധികം ഓഫീസർ സംഘടനകളോ കൂട്ടായി ഉന്നയിക്കുന്ന വിഷയങ്ങളിൽ ഡിവിഷൻ തലത്തിനു താഴെ ചർച്ച ചെയ്യേണ്ടതില്ല. അത്തരം വിഷയങ്ങൾ ഡിവിഷൻ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ ചർച്ച ചെയ്യേണ്ടതാണ്.
3. അംഗീകൃത തൊഴിലാളി സംഘടനകളും അംഗീകാരമില്ലാത്ത തൊഴിലാളി സംഘടനകളും, ഓഫീസർ സംഘടനകളും കൂട്ടായി ഏതൊരാവശ്യം ഉന്നയിച്ചാലും, ഓഫീസർമാർ മാനേജ്മെന്റിന്റെ ഭാഗമാകയാൽ, ഒരുകാരണവശാലും ബോർഡിന്റെ മുൻകൂർ അനുമതി കൂടാതെ ബന്ധപ്പെട്ട അധികാരികൾ അപേക്ഷകരുമായി ഒന്നിച്ച് ചർച്ചചെയ്യാൻ പാടുള്ളതല്ല.
4. ഓഫീസർ സംഘടനകളെ പ്രതിനിധീകരിച്ച് ചർച്ച ആഗ്രഹിക്കുന്ന സംഘടനാ ഭാരവാഹികളുടെ ഔദ്യോഗിക സ്ഥാനത്തിന് കുറഞ്ഞത് ഒരു റാങ്ക് മുകളിലുള്ള ഉദ്യോഗസ്ഥനെ മാനേജ്മെന്റിന്റെ പ്രതിനിധിയാക്കേണ്ടതാണ്. ഉദാഹരണമായി, സംഘടനാ ഭാരവാഹി എക്സിക്യൂട്ടീവ് എഞ്ചിനീയർ ആണെങ്കിൽ, കുറഞ്ഞത് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ റാങ്കിലുള്ള ഉദ്യോഗസ്ഥനായിരിക്കണം മാനേജ്മെന്റിനെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുക്കേണ്ടത്.
5. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഓഫീസർമാർക്ക് തൊഴിലാളി യൂണിയൻ നിയമങ്ങൾ ബാധകമല്ലാത്തതിനാലും, അവർ മാനേജ്മെന്റിന്റെ ഭാഗമാകയാലും, അവർക്ക് ബാധകമായ കേരള ഗവൺമെന്റ് സർവൻസ് കണ്ടക്ട് റൂൾസ്- ന്റെ ചട്ടം 76, 77, 78, 79, 86 എന്നിവയ്ക്ക് വിധേയമായി പ്രവർത്തിക്കുന്നു എന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുകയും, ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഡയറക്ടർ (എച്ച്.ആർ.എം) ന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

**ഒപ്പ്**
**സെക്രട്ടറി (ഭരണം)**

പകർപ്പ് **:-**
എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/

കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, & ഐ.റ്റി) ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ.)/ ടി. എ ടു ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം) ടി. എ ടു ഡയറക്ടർ {ജനറേഷൻ & ഇലക്ട്രിക്കൽ} ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)/ ടി. എ ടു ഡയറക്ടർ {റീസ്, സ്പോർട്സ് & വെൽഫയർ} എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

15/11/2021

സീനിയർ സൂപ്രണ്ട്